**ഒരുക്കം - 2021**

**KSTA - മലപ്പുറം ജില്ല**

**SSLC Model Exam**

**സാമൂഹ്യ ശാസ്ത്രം**

**Time : 2.30 Hrs** **Marks : 80**

**1. a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് 1 score വീതം**

a . ഗംഗാ നദിയുടെ ഉത്ഭവസ്ഥാനം

( മാനസസരോവർ ,ചെമ-യുങ് - ദുങ്, ഗോമുഖ് )

b. " മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ് " - ഈ പ്രസ്താവന ആരുടേതാണ്?

(വോൾട്ടയർ, റൂസോ, മൊണ്ടെസ്ക്യൂ )

c. സൂര്യൻ ദക്ഷിണായന രേഖയ്ക്ക് നേർ മുകളിൽ വരുന്ന ദിവസമാണ് ഡിസംബർ 22. ആ ദിവസം ഏത് പേരിൽ അറിയപ്പെടുന്നു.?

(ഗ്രീഷ്മ അയനാന്തം, ശൈത്യ അയനാന്തം, സമരാത്രദിനം)

d . വിദ്യാഭ്യാസത്തിൻ്റെ ദേശീയ മാതൃകയെ പറ്റിയുള്ള നിർദേശങ്ങൾ ഉൾകൊള്ളിച്ചിട്ടുള്ള ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷൻ ഏത്?

(ഡോ.ഡി.എസ് കോത്താരി കമ്മീഷൻ,
ഡോ.രാധാകൃഷ്ണൻകമ്മീഷൻ, ഡോ.ലക്ഷ്മണ സ്വാമി
മുതലിയാർ കമ്മീഷൻ)

e . ഇന്ത്യയുടെ ധാതുക്കലവറ എന്നറിയപ്പെടുന്ന ഭൂവിഭാഗം
(ഉത്തരമഹാസമതലം,ഉപദ്വീപീയപീഠഭൂമി, ഉത്തര പർവ്വത
മേഖല)

f. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യത്തെ ജനകീയ
പ്രക്ഷോഭം ഏത്?
(ചമ്പാരൻ സമരം,നിസഹകരണ സമര പ്രസ്ഥാനം,
ഖിലാഫത്ത് പ്രസ്ഥാനം)

g. മാനവവിഭവത്തിൻ്റെ ഗുണപരമായ സവിശേഷത അല്ലാത്തത്
കണ്ടെത്തുക
(ജനന നിരക്ക്, സാക്ഷരതാ നിരക്ക്, ആയുർദൈർഘ്യം)

h . UPSC കമ്മീഷൻ്റെ ചെയർമാനേയും അംഗങ്ങളേയും
നിയമിക്കുന്നത് ആര്?
( ഗവർണർ , പ്രധാനമന്ത്രി , രാഷ്ട്രപതി )

i. ഗ്രീനിച്ച് രേഖയുമായി ബന്ധപ്പെട്ട പ്രസ്താവന കണ്ടെത്തി
എഴുതുക.

a. 180° രേഖാംശ രേഖ

b. ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ സമയ വ്യത്യാസം ഉണ്ട്.

c. ഈ രേഖയെ അടിസ്ഥാനമാക്കിയാണ് ലോകസമയം നിർണയിക്കുന്നത്

d. പൂർണമായും കരഭാഗങ്ങളെ ഒഴിവാക്കി ചിത്രീകരിച്ചിരിക്കുന്നു .

j. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൻ്റെ അന്തിമ ലക്ഷ്യം പൂർണ സ്വരാജാണെന്ന് പ്രഖ്യാപിച്ച 1929 ലെ കോൺഗ്രസ് സമ്മേളനം നടന്നത് എവിടെ വെച്ച് ?

( ഗുജറാത്ത്, ലാഹോർ, ഡൽഹി )

k. "വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം " എന്നത് ഏത് ബാങ്കിൻ്റെ മുദ്രാവാക്യമാണ്?

( മുദ്രാബാങ്ക് , വികസന ബാങ്ക് , മഹിളാ ബാങ്ക് )

l. അളവ് തൂക്കനിലവാരം ഉറപ്പുവരുത്തുന്ന ഉപഭോക്തൃ സംരക്ഷണത്തിനായുള്ള വകുപ്പ് ഏത് ?

(ഭക്ഷ്യ സുരക്ഷാ വകുപ്പ് , ലീഗൽ മെട്രോളജി വകുപ്പ് , കേന്ദ്ര ഔഷധവില നിയന്ത്രണ കമ്മിറ്റി )

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 score വീതം**

2. അച്ചുതണ്ടിൻ്റെ സമാന്തരത എന്നാൽ എന്ത് ?

3. മെർക്കൻ്റലിസ്റ്റ് നിയമങ്ങളിൽ ഏതെങ്കിലും 3 എണ്ണം എഴുതുക.

4. കിഴക്കൻ തീരസമതലത്തിൻ്റെ സവിശേഷതകൾ എന്തെല്ലാം?

5. ഇന്ത്യൻ വിദേശ നയത്തിൻ്റെ ഏതെങ്കിലും 3 പ്രധാന തത്വങ്ങൾ പട്ടികപ്പെടുത്തുക.

6 . വിദ്യാഭ്യാസം മാനവവിഭവശേഷി വികസനത്തെ സഹായിക്കുന്നത് എങ്ങനെ?

7 . പൊതുഭരണത്തിൻ്റെ പ്രാധാന്യം എന്ത് ?

8. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ കാല സമരങ്ങൾ ഏവ?

9. ഉത്തര പർവ്വത മേഖലയുടെ ഭാഗമായ ഹിമാദ്രി, ഹിമാചൽ, സിവാലിക് എന്നിവയുടെ ഓരോ സവിശേഷത വീതം എഴുതുക

10. ഹേമന്ത കാലത്തിൻ്റെ സവിശേഷതകൾ എന്തെല്ലാം?.

11. റഷ്യൻ വിപ്ലവത്തിൻ്റെ ഫലങ്ങൾ എഴുതുക

12. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസത്ര സാങ്കേതിക രംഗത്ത് കൈവരിച്ച ഏതെങ്കിലും 3 നേട്ടങ്ങൾ എഴുതുക.

13. ഉപ്പ് സമരായുധമായി തെരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാം?

14. ചികിത്സാരംഗത്ത് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവൺമെൻ്റ് സ്ഥാപനങ്ങൾ ഏതെല്ലാം?

15. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാധ്യമായത് എങ്ങനെ?

16. ധരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എഴുതുക.

17 . റിസർവ്വ് ബാങ്കിൻ്റെ ധർമങ്ങൾ എന്തെല്ലാം?

18. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം ?

19. മാനവവിഭവത്തിൻ്റെ വിവിധ തലങ്ങൾ ഏതെല്ലാം?

20 .ഇന്ത്യൻ തുണിത്തര വ്യവസായങ്ങളുടെ തകർച്ചയുടെ കാരണങ്ങൾ പട്ടികപ്പെടുത്തുക.

21. പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബം വഹിക്കുന്ന പങ്കെന്ത് ?

22. ഇന്ത്യയിൽ ഗോതമ്പ് കൃഷിക്ക് അനുയോജ്യമായ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ എഴുതുക.

23 .പരമാധികാരം എന്നാൽ എന്ത്? അതിൻ്റെ 2 തലങ്ങൾ ഏവ?

24. സ്ഥിര നിക്ഷേപത്തിൻ്റെ സവിശേഷതകൾ എന്തെല്ലാം?

25. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്ര ബോസ് വഹിച്ച പങ്കെന്ത്?

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് ഓരോന്നിനും4 score വീതം**

26. താഴെ പറയുന്ന ദിനങ്ങളുടെ സവിശേഷതകൾ എഴുതുക.

മാർച്ച് -21

ജ്ജൂൺ -21

സെപ്റ്റംബർ -23

ഡിസംബർ - 2 2

27. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാവുന്നത് എങ്ങനെ?

28 . ഉദ്യോഗസ്ഥ വൃന്ദത്തിൻ്റെ സവിശേഷതകൾ എന്തെല്ലാം?

29 . പ്രാദേശിക സമയം എന്നാൽ എന്ത് ? ഇന്ത്യയിൽ ഞായർ ഉച്ചയ്ക്ക് 2 മണി ആയിരിക്കുമ്പോൾ ഗ്രീനിച്ചിലെ സമയം എത്രയായിരിക്കും?

30. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രധാന ശുപാർശകൾ എന്തെല്ലാം?

31. പഞ്ചശീല തത്വങ്ങൾ ഒപ്പിട്ട നേതാക്കൻമാർ ആരൊക്കെ ആയിരുന്നു? അതിലുൾപ്പെടുത്തിയിരുന്ന ഏതെങ്കിലും 3 തത്വങ്ങൾ എഴുതുക.

32. ഫ്രഞ്ച് വിപ്ലവം പിൽക്കാല ലോക ചരിത്രത്തെ സ്വാധീനിച്ചതെങ്ങനെയെന്ന് വിശദമാക്കുക.

33. നിസഹകരണ പ്രസ്ഥാനം ബഹിഷ്കരണത്തോടൊപ്പം നിർമാണ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സമർത്ഥിക്കുക.

34.ചുവടെതന്നിട്ടുള്ള സംഭവങ്ങളെ കാലഗണനാക്രമത്തിലാക്കുക.

* രണ്ടാം കോണ്ടിനെൻ്റൽ കോൺഗ്രസ്

* പാരിസ് ഉടമ്പടി

* ഒന്നാം കോണ്ടിനെൻ്റൽ കോൺഗ്രസ്

* സ്വാതന്ത്ര്യ പ്രഖ്യാപനം

35 . ഉപദ്വീപിയ പീഠഭൂമിയുടെ സവിശേഷതകൾ എന്തെല്ലാം?

36.ഇന്ത്യയുടെ ഭൂപടത്തിൽ താഴെപറയുന്നവ അടയാളപ്പെടുത്തുക.

a.പാത് കൈബും b. കച്ച് ഉപ ദ്വീപ്

c. നർമദ d.കൊങ്കൺ തീരം

37. ഭൂസ്ഥിര ഉപഗ്രഹങ്ങളും സൗര സ്ഥിര ഉപഗ്രഹങ്ങളും താരതമ്യം ചെയ്യുക.

38. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് കണ്ടെത്തി എഴുതുക

| A | B |
|---|---|
| അഡോൾഫ് ഹിറ്റ്ലർ | ഒന്നാം ലോകമഹായുദ്ധം |
| വേഴ്സായ് സന്ധി | ഗസ്റ്റപ്പോ |
| സോവിയറ്റ് യൂണിയൻ്റെ തകർച്ച | ഇറ്റലി |
| ബെനിറ്റോ മുസോലിനി | മിഖായേൽ ഗോർബചേവ് |

**<u>39 മുതൽ 42 വരെ ഏതെങ്കിലും2 എണ്ണത്തിന് ഉത്തരമെഴുതുക.</u>**

**<u>ഓരോന്നിനും 6 score വീതം</u>**

39 .റഷ്യൻ വിപ്ലവത്തെ കുറിച്ച് താഴെ പറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

സൂചകങ്ങൾ

- കാരണങ്ങൾ
- ഫെബ്രുവരി വിപ്ലവം
- ഒക്ടോബർ വിപ്ലവം

40. ഇ. ഗവേണൻസ് എന്നാൽ എന്ത്? ഇ.ഗവേണൻസ് കൊണ്ട് ജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?

41. ആഗോള മർദ്ദമേഖലകൾ എന്നാൽ എന്ത്? നിർവ്വാതമേഖല എന്നറിയപ്പെടുന്ന മർദ്ദമേഖല ഏത്? എന്തുകൊണ്ട്? വിശദീകരിക്കുക.

42. ഇന്ത്യയുടെ കാലാവസ്ഥ, ജന ജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവ്വത മേഖല വഹിക്കുന്ന പങ്ക് എത്രത്തോളമാണ്?വിശദീകരിക്കുക .

.....................................................................................